# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 270 | 20/12/2012 ൽ മറുപടിക്ക്

## അടുത്ത വർഷത്തേക്കുള്ള സ്കൂൾ പാഠപുസ്തകങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.യു.കുരുവിള:<br>ശ്രീ. മോൻസ് ജോസഫ്:<br>ശ്രീ. സി.എഫ്.തോമസ്: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഏതെല്ലാം ക്ലാസുകളിലെ ഏതെല്ലാം പുസ്തകങ്ങൾക്കാണ് അടുത്ത വർഷം മാറ്റം ഉണ്ടാകുക; വിശദമാക്കാമോ; | എ) | അടുത്ത അദ്ധ്യയന വർഷം (2013-14) പാഠപുസ്തകങ്ങൾ ഒന്നും തന്നെ മാറുന്നില്ല. നിലവിലുള്ള പാഠപുസ്തകങ്ങൾ തന്നെയാണ് അടുത്ത വർഷവും പഠിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 2014-15 അദ്ധ്യയന വർഷം ഗവൺമെന്റ് നിയോഗിച്ച വിദഗ്ധസമിതിയുടെ നിർദ്ദേശാനുസരണം പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതാണ്. |
| ബി) | അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള സ്കൂൾ പാഠപുസ്തകങ്ങൾ ഇതിനകം അച്ചടിക്ക് തയ്യാറായിട്ടുണ്ടോ; | ബി) | പാഠപുസ്തകങ്ങളുടെ റിപ്രിന്റ് നടന്നു കൊണ്ടിരിക്കുന്നു. |
| സി) | പുസ്തകങ്ങളുടെ അധികഭാരം കുറക്കുന്നതിനായി കൂടുതൽ പേജുകൾ ഉള്ള പാഠപുസ്തകങ്ങൾ രണ്ട് ഭാഗങ്ങളായി അച്ചടിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | സി) | കൂടുതൽ പേജുള്ള പാഠപുസ്തകങ്ങൾ അധികഭാരം കുറയ്ക്കുന്നതിനായി രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ